## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3841 — 24.06.2014 ലെ മറുപടിയ്ക്ക്

## കാരുണ്യ ബെനവലന്റ് പദ്ധതിയുടെ വിപുലീകരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ : | | ശ്രീ. കെ.എം. മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) | |
| (എ) | കാരുണ്യ ബെനവലന്റ് പദ്ധതിയിലേക്ക് 2012-13, 2013-14 വർഷത്തിൽ ഭാഗ്യക്കുറി ടിക്കറ്റ് വില്പനയിലൂടെ ലഭിച്ച വരുമാനത്തിന്റെ വിശദാംശങ്ങൾ പറയാമോ ; | (എ) | കാരുണ്യ ഭാഗ്യക്കുറിയുടെ വിൽപ്പനയിലൂടെ 2012-13, സാമ്പത്തിക വർഷത്തിൽ ഏകദേശം 464.62 കോടി രൂപയും, 2013-14-ൽ ഏകദേശം 602.10 കോടി രൂപയും വരുമാനമായി ലഭിച്ചു. ഇതിൽ ചെലവ് കഴിച്ച് 2012-13 സാമ്പത്തിക വർഷത്തിൽ ഏകദേശം 105.25 കോടി രൂപയും 2013-14-ൽ ഏകദേശം 132.02 കോടി രൂപയും ലാഭമായി ലഭിച്ചു. |
| (ബി) | ഈ തുകയിൽ നിന്ന് ചികിത്സാധനസഹായം അനുവദിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | (ബി) | 2012-2013 വർഷത്തിൽ 9630 രോഗികൾക്ക് 107.30 കോടി രൂപ ചികിത്സാ ധനസഹായം അനുവദിച്ചിട്ടുണ്ട്. 2013-2014 വർഷത്തിൽ 17625 രോഗികൾക്ക് 178.67 കോടി രൂപ ചികിത്സാ ധനസഹായം അനുവദിച്ചിട്ടുണ്ട്. |

| | |
|---|---|
| (സി) ഈ ചികിത്സാ പദ്ധതിയിൽ നിന്നും ശസ്ത്രക്രിയ തുടങ്ങിയവയ്ക്കുള്ള ധനസഹായമല്ലാതെ നിർദ്ധനരായ രോഗികളുടെ ജീവൻ നിലനിറുത്തുന്നതിന് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിന് അനുമതി നൽകാറുണ്ടോ; | (സി) കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി പ്രകാരം രോഗികൾക്ക് ചികിത്സയുമായി ബന്ധപ്പെട്ട് ഉപകരണങ്ങൾ മാത്രം വാങ്ങി നൽകുന്നതിന് വ്യവസ്ഥയില്ല. |
| (ഡി) ഇല്ലെങ്കിൽ ഈ പദ്ധതിയിൽ ഇത്തരം ചികിത്സാ സഹായത്തിനുള്ള സൗകര്യങ്ങൾ കൂടി ഉൾപ്പെടുത്തുമോ ? | (ഡി) ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ.